പ്രോജക്ട് ഫിനാൻസ് സെൽ

38 (1474) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് ഫിനാൻസ് സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളിലാണ് സ്വകാര്യ പങ്കാളിത്തവും വിദേശനിക്ഷേപവും അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിനകം മുന്നോട്ടു വന്നിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; ഏതെല്ലാം വിദേശ ഏജൻസികളാണ് നിക്ഷേപം നടത്താനായി മുന്നോട്ട് വന്നിരിക്കുന്നത് ;

(ഡി) സ്വകാര്യ വിദേശ നിക്ഷേപ പദ്ധതികളിൽ സർക്കാർ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ; പദ്ധതികൾക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നത് എപ്രകാരമായിരിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ ഏർപ്പെടുത്തുന്നതിന് ബഡ്ജറ്റ് മുഖേനയുള്ളതു കൂടാതെ ബഡ്ജറ്റിനു പുറത്തുനിന്നുള്ളതുമായ നിക്ഷേപസാദ്ധ്യതകൾ പരിശോധിക്കുക, അത്തരം പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിക്കുക എന്നിങ്ങനെ ഒരു ഫെസിലിറ്റേറ്റ റുടെ പ്രവർത്തനമാണ് പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) അതാത് പ്രോജക്ടുകളുടെ സ്വഭാവമനുസരിച്ച് ഇക്കാര്യത്തിൽ തീരുമാന മെടുക്കുന്നതാണ്.

(സി) പദ്ധതി നിർദ്ദേശങ്ങൾ ഒന്നും തന്നെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന് ലഭിച്ചിട്ടില്ല.

(ഡി) ഓരോ പദ്ധതി നിർദ്ദേശവും പ്രത്യേകം പ്രത്യേകം പരിശോധിച്ചു മാത്രമേ ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly